# ഉന്നതമായ സ്നേഹം

## യിരെമ്യാവ് 29:7

**"ഞാൻ നിങ്ങളെ ബദ്ധന്മാരായി കൊണ്ടുപോകുമാറാക്കിയ പട്ടണത്തിന്റെ നന്മ അന്വേഷിച്ചു അതിനുവേണ്ടി യഹോവയോടു പ്രാർത്ഥിപ്പിൻ, അതിനു നന്മ ഉണ്ടെങ്കിൽ നിങ്ങൾക്കും നന്മ ഉണ്ടാകും"**

പ്രവാസികളായി പിടിക്കപ്പെട്ടു കൊണ്ടുപോയ യഹൂദന്മാർക്ക് യിരെമ്യാവ് ബാബേലിലേയ്ക്ക് കൊടുത്തയയ്ക്കുന്ന ഒരു ലേഖനത്തിന്റെ ചെറിയ ഭാഗമാണ് നാം വായിച്ച് കണ്ടത്. ഈ ലേഖനം ആരുടെ കൈവശമായി യിരെമ്യാവ് ബാബേലിലേയ്ക്ക് കൊടുത്തയച്ചു എന്ന് വചനഭാഗത്ത് വ്യക്തമായി നമുക്ക് മനസ്സിലാക്കാം (യിരെമ്യാവ് 29:3). ആയിരിക്കുന്ന പ്രവാസകാലത്തുനിന്ന് ഒരു മടങ്ങിവരവ്, കുറച്ചു വർഷങ്ങൾക്കു ശേഷം മാത്രം (70വർഷം) ഉണ്ടാകുകയുള്ളു എന്ന് പ്രവാചകൻ ആഹ്വാനം കൊടുക്കുന്നു (യിരെമ്യാവ് 29:10). അതുകൊണ്ട് ബാബേലിൽ അവർ സാധാരണ ജീവിതം നയിക്കണം. വീടു പണിതും, വിവാഹം കഴിച്ചും, അവരെ ആക്കിയിരിക്കുന്ന പട്ടണത്തിന്റെ നന്മയും, സമാധാനവും, കാംക്ഷിച്ചുകൊണ്ട് കഴിയണം, പ്രാർത്ഥിക്കണം. അപ്പോൾ പ്രസ്തുത ദേശത്തിന്റെ നന്മ അവരുടെ നന്മയായി തീരും.

ഇവിടെ 'നന്മ' എന്ന പദത്തിന് വലിയ അർത്ഥവ്യാപ്തിയുണ്ട്. 'സമാധാനം' അഥവാ 'ശാലോം' എന്ന പദത്തിന്റെ ഒരു ഭാഗമാണ് ഈ നന്മ. 'ഐശ്വര്യം' അഥവാ 'ക്ഷേമം' എന്നൊക്കെ നാം പറയുന്നതിന്റെ ഉള്ളടക്കം ഇതുതന്നെയാകുന്നു. യുദ്ധവും സംഘട്ടനവും ഇല്ലാതിരിക്കുക എന്ന അവസ്ഥയിലുപരി ഒരു സമ്പൂർണ്ണത, യോജിപ്പ്, സുബോധം, ഐശ്വര്യം, എല്ലാ ബന്ധങ്ങളിലുമുള്ള ഒരു സ്വസ്ഥത ഇവയെല്ലാം ഇതിലുൾപ്പെടുന്നു. ആകുലതയിൽ നിന്നുള്ള വിടുതലും ഒരുവന്റെ മുഴുവൻ മാനസികമായ ആരോഗ്യാവസ്ഥയും, ക്ഷേമവും എല്ലാം ഈ വാക്കിലൂടെ പ്രതിഫലിക്കുന്നു.

പ്രവാസത്തിലായിരിക്കുന്ന ജനം, തീർച്ചയായും ആകുലതയുടെയും ഭയപ്പാടിന്റെയും അധൈര്യത്തിന്റെയും ഒക്കെ മദ്ധ്യത്തിലായിരിക്കും. 'സ്വന്തദേശം' എന്ന സ്വപ്നം മാത്രമേ അവർക്ക് ഉണ്ടാകുകയുള്ളു. ഇതിന്റെ നടുവിൽ, ബാബേലിലെ നന്മ അവർ എങ്ങനെ കാണും? ആയിരുന്ന ഭാരമേറിയ അവസ്ഥ ഒരിക്കലും ദൈവജനത്തിന് പ്രവാസ ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ ഒരു പ്രേരണയും ഉളവാക്കുന്നതല്ല. എങ്ങനെ സമാധാനം അനുഭവിക്കാൻ കഴിയും, നന്മ കാണുവാൻ തക്കവണ്ണം ഒരിക്കലും സാധിക്കില്ല. 137–ാം സങ്കീർത്തനത്തിൽ നാം കാണുന്നു. "ബാബേൽ നദിയുടെ തീരത്ത്

ഇരുന്ന് സീയോനെ ഓർത്ത് കരയുന്ന ജനം". യഹോവയുടെ ഗീതം അന്യദേശത്ത് പാടുന്നതെങ്ങനെ എന്നാണ് അവർ ആരായുന്നത്. ഈ അവസ്ഥയിലിരിക്കുന്ന ജനത്തോട് പ്രവാചകൻ ദൈവത്തിന്റെ അരുളപ്പാടു പറയുന്നു. നീ ആയിരിക്കുന്ന ദേശത്തിലെ കുറവുകളല്ല, അതിന്റെ നന്മ ഒന്ന് അന്വേഷിക്കുക. കരഞ്ഞും വിലപിച്ചും പിടിക്കപ്പെട്ടു കൊണ്ടുപോയ ദേശത്തിലെ ഭരാണാധികാരത്തെയും, നിവാസികളെയും ഒക്കെ ഓർത്ത് പഴിചാരാതെ ദൈവത്തിങ്കലേയ്ക്ക് ദേശത്തെ സമർപ്പിച്ച് പ്രാർത്ഥിക്കുക.

എത്ര ശക്തമായ ആഹ്വാനമാണ് പ്രവാചകൻ കൊടുക്കുന്നത്. എല്ലാ കാലത്തുമുള്ള ദൈവമക്കളോടുമുള്ള ഒരു വലിയ ദൂതാണ് ഇത്. നാമൊക്കെ ആയിരിക്കുന്ന ഇടങ്ങൾ, സാഹചര്യങ്ങൾ ഒക്കെ നമുക്ക് എപ്പോഴും അനുകൂലമാകണമെന്നില്ല, ആയിരിക്കത്തില്ല. പക്ഷേ അതിന്റെ മദ്ധ്യത്തിൽ നാം പിറുപിറുക്കുവാനോ, അവരെ ദുഷിപ്പിക്കുവാനോ, ഓർത്ത് വേദനിപ്പാനോ വിളിക്കപ്പെട്ടവരല്ല. ദൈവപൈതലിന്റെ വിളി അത് ഉന്നതമായ വിളി ആണ്. പ്രതികൂലത്തിന്റെ നടുവിൽ സാധാരണ ജനത്തിന് സാധിക്കാത്തത് നമുക്ക് കഴിയണം. നമ്മെ ബുദ്ധിമുട്ടിക്കുന്ന വ്യക്തിയാകാം, ജനങ്ങൾ ആകാം, ഔദ്യോഗിക മേഖലകളാകാം, ചിലപ്പോൾ നാം ആഗ്രഹിക്കുന്ന ഇടങ്ങളിലോ, ദേശങ്ങളിലോ, രാജ്യത്തോ ആയിരിക്കില്ല ദൈവം നമ്മെ അയക്കുന്നത്.

ഇതിന്റെയൊക്കെ മദ്ധ്യത്തിൽ കർത്താവിന് സ്തോത്രം ചെയ്യാം. നമ്മുടെ ബുദ്ധിമുട്ടിനായും, ബുദ്ധിമുട്ടിക്കുന്നവർക്കായും വേണ്ടി പ്രാർത്ഥിക്കാം. ദൈവാത്മാവിന്റെ അമിത ശക്തിയോടുകൂടിയേ ഇതു സാദ്ധ്യമാകൂ. ആത്മാവിന്റെ സഹായത്താൽ നമുക്ക് സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കാം. നമ്മുടെ ഹൃദയങ്ങളിൽ ദൈവസമാധാനം വാഴട്ടെ. നാം ആയിരിക്കുന്ന മേഖലകളെ, സാഹചര്യങ്ങളെ, നമ്മെ ദുഷിക്കുന്നവരെ, അകറ്റി നിർത്തുന്നവരെ, ചില അധികാരങ്ങളെ ഒക്കെ ഓർത്ത് അവയുടെ എല്ലാം നന്മയ്ക്കായി പ്രാർത്ഥിക്കാം. അപ്പോൾ പ്രവാചകന്റെ അരുളപ്പാടുപോലെ നാം പ്രാർത്ഥിക്കുന്ന നന്മയുടെയും സമാധാനത്തിന്റെയും പങ്ക് നമുക്ക് ലഭിക്കുന്നു. എത്ര മനോഹരമായ വാഗ്ദത്തം. ദൈവപൈതലിന്റെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്ന എല്ലാ ഭിന്നതകളുടെയും തകർച്ചകളുടെയും വേർപാടിന്റെയും നടുച്ചുവർ ക്രിസ്തുവിലൂടെ ഇടിച്ചുകളഞ്ഞു. ശാശ്വത സമാധാനം അനുഭവിക്കാൻ നമ്മെ വിളിച്ചവന്റെ പക്കലേയ്ക്ക് സമർപ്പിക്കാം. എല്ലാ ഊർച്ചകളുടെയും, ഭിന്നതകളുടെയും, തകർച്ചകളുടെയും മദ്ധ്യത്തിൽ കർത്തൃനാമത്തിലുള്ള ജയം ഏറ്റെടുത്ത് ജീവിക്കുവാൻ ഇടയാകട്ടെ.

**പരാമർശം:**

**മത്തായി 5:44**

**ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ;**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 142**